2. പൊതുജനങ്ങൾക്ക് ദൃശ്യമാകത്തക്കവിധം വിവിധ ജില്ലാ കേന്ദ്രങ്ങളിൽ വീഡിയോ വാളുകൾ സ്ഥാപിച്ച് വികസന ക്ഷേമപ്രവർത്തനങ്ങൾ ഇവയിലൂടെ പ്രചരിപ്പിച്ചുവരുന്നു.

3. തിയേറ്ററുകൾ, റെയിൽവേ സ്റ്റേഷനുകൾ, കെ.എസ്.ആർ.ടി.സി. ബസുകൾ എന്നിവയിൽ വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച പരസ്യങ്ങൾ നൽകിയിട്ടുണ്ട്.

4. മൾട്ടിമീഡിയ സങ്കേതങ്ങൾ കൂട്ടിയിണക്കി സ്പെഷ്യൽ ക്യാമ്പെയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) വികസന ക്ഷേമപദ്ധതികളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക എന്ന ലക്ഷ്യമാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ വിശകലനം ചെയ്ത് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ തുടങ്ങിയവരുടെ മേൽനോട്ടത്തിൽ പ്രസ്തുത റിപ്പോർട്ട് വിശകലനം ചെയ്യുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്.

വികസന സമന്വയം-വാർത്താ പത്രിക

84 (1458) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര ലക്കങ്ങളിലായി വികസന സമന്വയം എന്ന പേരിൽ വാർത്താ പത്രിക പ്രസിദ്ധീകരിക്കുകയും വിവിധ ദിന പത്രങ്ങളോടൊപ്പം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്;

(ബി) എത്ര ലക്ഷം കോപ്പികളാണ് ഓരോ ലക്കങ്ങളിലും പ്രിന്റ് ചെയ്തത്;

(സി) ഇവ തയ്യാറാക്കുന്നതിനും, പ്രിന്റ് ചെയ്യുന്നതിനും പത്രങ്ങൾ വഴി സർക്കുലേറ്റ് ചെയ്യുന്നതിനും ഉൾപ്പെടെ ഇതിനകം ചെലവായ തുക സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ; ഈ ഇനത്തിൽ പത്ര സ്ഥാപനങ്ങൾക്കും മറ്റും കൊടുത്ത് തീർക്കാൻ ബാക്കി നിൽപ്പുള്ള തുക എത്ര എന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ഏഴ് ലക്കങ്ങളിലായി വികസന സമന്വയം പ്രസിദ്ധീകരിക്കുകയും മാതൃഭൂമി, മലയാള മനോരമ, മംഗളം എന്നീ ദിനപത്രങ്ങളോടൊപ്പം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഫെബ്രുവരി, 2015 - 3 ലക്ഷം കോപ്പികൾ

മാർച്ച്, 2015 - 3 ലക്ഷം കോപ്പികൾ

ഏപ്രിൽ, 2015 - 3 ലക്ഷം കോപ്പികൾ

മെയ്, 2015 - 15 ലക്ഷം കോപ്പികൾ

സെപ്റ്റംബർ, 2015 - 15 ലക്ഷം കോപ്പികൾ

ഒക്ടോബർ, 2015 - 15 ലക്ഷം കോപ്പികൾ

ജനുവരി, 2016 - 15 ലക്ഷം കോപ്പികൾ

(സി) വികസന സമന്വയം എന്ന ടാബ്ലോയ്ഡ് പത്രത്തിന്റെ അച്ചടി ഇനത്തിൽ ചെലവായ തുക സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

ലക്കം	അച്ചടിച്ച സ്ഥാപനം	ചെലവായ തുക
ഫെബ്രുവരി, മാർച്ച്	മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്	24,99,000
ഏപ്രിൽ	മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്	22,05,000
മെയ്	മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്	30,93,565
	മലയാള മനോരമ, കോട്ടയം മംഗളം,കോട്ടയം	45,47,813 2,36,250
സെപ്റ്റംബർ	മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, കോഴിക്കോട് മലയാള മനോരമ, കോട്ടയം	49,61,250 31,50,000
ഒക്ടോബർ	മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, കോഴിക്കോട് മലയാള മനോരമ, കോട്ടയം	4961250 3150000

ജനുവരി 2016	മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്	49,61,250
	മലയാള മനോരമ, കോട്ടയം	31,50,000

മേൽ ലക്കങ്ങളുടെ ലേഔട്ട് ഡിസൈനിംഗ് എന്നിവയ്ക്കായി ഏകദേശം 1,31,100 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ഇനത്തിൽ പത്രസ്ഥാപനങ്ങൾക്ക് കുടിശ്ശിക ഒന്നും നൽകുവാനില്ല.

സർക്കാർ പരസ്യങ്ങളിൽ മന്ത്രിമാരുടെ ഫോട്ടോ

85 (1459) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പദ്ധതികളുടെയും കെട്ടിടങ്ങളുടെയും ഉദ്ഘാടനങ്ങളോടൻ ബന്ധിച്ച് പി.ആർ.ഡി പരസ്യം നൽകാറുണ്ടോ; പ്രസ്തുത പരസ്യങ്ങളിൽ മന്ത്രിമാരുടെ ഫോട്ടോ പ്രദർശിപ്പിക്കുന്നത് സുപ്രീംകോടതി വിലക്കിയിട്ടുണ്ടോ;

(ബി) സുപ്രീം കോടതി വിധിക്ക് ശേഷം ഉദ്ഘാടനങ്ങളോടനുബന്ധിച്ച് പരസ്യം നൽകുമ്പോൾ കെട്ടിടം നിർമ്മിച്ച കോൺട്രാക്ടർമാർ പരസ്യം നൽകി വരുന്നതും അവയിൽ മന്ത്രിമാരുടെ ഫോട്ടോ പ്രദർശിപ്പിക്കുന്നതും സർക്കാർ അറിവോടെയാണോ;

(സി) സെക്രട്ടേറിയറ്റ് അനക്സിന്റെ കെട്ടിട ഉദ്ഘാടന ദിവസം ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിച്ച പരസ്യം പി.ആർ.ഡി.യുടേയോ, സർക്കാരിന്റേയോ അറിവോടു കൂടിയാണോ;

(ഡി) കോൺട്രാക്ടർമാർ നൽകുന്ന പരസ്യങ്ങളിൽ മന്ത്രിമാരുടെയും മുഖ്യമന്ത്രിയുടെയും ഫോട്ടോ ഉപയോഗിക്കുന്നത് സർക്കാരിന്റെ അനുമതിയോടു കൂടിയാണോ?

ഉത്തരം

(എ) പരസ്യം നൽകാറുണ്ട്. മന്ത്രിമാരുടെ ഫോട്ടോ പ്രദർശിപ്പിക്കുന്നത് വിലക്കിയിട്ടുണ്ട്.

(ബി-ഡി) അല്ല.

LIBRARY ARCHIVES Kerala Legislative Assembly